DESPATCHED
On..20.2.2020

30/01/2020



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.861(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.13826/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ഷറഫുദ്ദീൻ കെ.വി.,
കൊടിഞ്ഞി പുറത്ത് വീട്,
ചെറുവാടി പി.ഒ.,
കോഴിക്കോട് – 673 661. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 26/09/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | – |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 04/11/2016 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 08/11/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16/12/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/12/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 01/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഷറഫുദ്ദീൻ കെ.വി., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നും ആയത് വിവരാവകാശ നിയമത്തിന്റെ ലംഘനമാകയാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാന്റെ അപേക്ഷയിൽ ചൂണ്ടിക്കാട്ടിയ 7 ബസ്സുകളുടെ ടൈം ഷീറ്റ് അനുവദിക്കണമെന്നും, വിദ്യാർത്ഥികൾക്ക് ബസ്സിൽ കൺസഷൻ ടിക്കറ്റിന് നിയമപരമായി സമയക്രമം നിലവിലുണ്ടെങ്കിൽ അറിയിക്കണമെന്നും, വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന ടിക്കറ്റ് നിരക്കിന്റെ പട്ടിക

അനുവദിക്കണമെന്നും മുക്കം – ചെറുവാടി – പഴംപറമ്പ് – എടവണ്ണപ്പാറ റൂട്ടിൽ അനുവദിച്ച ഫെയർ സ്റ്റേജ് എത്രയെന്നും ഏതൊക്കെ എന്നുമാണ്.

3. കമ്മീഷൻ മുമ്പാകെ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 26.9.2016 തീയതിയായി സമർപ്പിച്ചു എന്നവകാശപ്പെടുന്ന അപേക്ഷ മേൽപ്പടി ഓഫീസിൽ ലഭിച്ചതായി കാണുന്നില്ല എന്നും എന്നാൽ ഇതേ വിഷയത്തിൽ തന്നെ കമ്മീഷനിൽ നിന്നും 7.12.2016 തീയതി കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് ഹർജിക്കാരനെ ബന്ധപ്പെട്ടിരുന്നു എന്നും ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് പൂർണ്ണമായി നൽകി എന്നും ഹർജിക്കാരനെ ബന്ധപ്പെട്ടതിൽ ടിയാന് മുഴുവൻ വിവരങ്ങളും മുമ്പ് തന്നെ ലഭിച്ചിട്ടുള്ളതിനാൽ ടിയാന്റെ പരാതിയുമായി മുന്നോട്ടു പോകുന്നതിൽ താത്പര്യമില്ലെന്നു അറിയിച്ചു എന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ കമ്മീഷൻ റിപ്പോർട്ടിന് ആവശ്യപ്പെട്ടതിനു ശേഷമാണ് ടിയാന് വിവരങ്ങൾ നൽകിയിട്ടുള്ളതായി കാണുന്നത്. ഹർജിക്കാരന്റെ 26.9.2016 തീയതിയിലെ അപേക്ഷ എതിർകക്ഷി ഓഫീസിൽ ലഭിച്ചിരുന്നതായി കാണുന്നില്ല എന്ന എതിർകക്ഷിയുടെ വാദം അംഗീകരിക്കത്തക്കതല്ല. കാരണം ഹർജിക്കാരൻ ടിയാന്റെ അപേക്ഷ അയച്ചു നൽകിയിട്ടുള്ളതായി കാണുന്നത് രജിസ്റ്റേർഡ് തപാലായിട്ടാണ്. എന്നിരുന്നാലും കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നതിനാലും ഹർജിക്കാരൻ ഈ പരാതി ഹർജിയുമായി മുന്നോട്ടു പോകുന്നതിൽ താത്പര്യമില്ല എന്നു എതിർകക്ഷിയെ അറിയിച്ചിട്ടുള്ളതായി പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിലും കമ്മീഷൻ ഈ പരാതി ഹർജിയിൽ മറ്റ് നടപടികൾ സ്വീകരിക്കുന്നില്ല.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 30–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

us